വാഗമൺ ടൂറിസം പ്രോജക്ടിന് റവന്യൂ വകുപ്പിൽനിന്നും വിട്ടു കിട്ടിയ ഭൂമി

74 [6040] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഗമൺ ടൂറിസം പ്രോജക്ടിന് റവന്യൂ വകുപ്പിൽനിന്നും എത്ര ഹെക്ടർ ഭൂമിയാണ് വിട്ടു കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വാഗമണിൽ കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ അധീനത യിലുള്ള 741.848 ഹെക്ടർ റവന്യൂ ഭൂമി ടൂറിസം വകുപ്പിന് കൈമാറുകയും ടൂറിസം വകുപ്പ് ടി ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

വാഗമൺ അന്താരാഷ്ട്ര ഹിൽ റിസോർട്ടായി വികസിപ്പിക്കുന്നതിന് നടപടി

75 [6041] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ടൂറിസം പ്രോജക്ടിന് വിനോദസഞ്ചാര വകുപ്പിന് വിട്ടു കിട്ടിയഭൂമി വാഗമൺ അന്താരാഷ്ട്ര ഹിൽ റിസോർട്ടായി വികസിപ്പിക്കുന്നതിനു വേണ്ടി ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് പറയാമോ;

(ബി) അന്താരാഷ്ട്ര ഹിൽ റിസോർട്ട് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പും സ്വകാര്യ ഏജൻസിയും തമ്മിലുണ്ടായ കരാർവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര ഹിൽ റിസോർട്ട് സ്ഥാപിക്കുന്നതിന് സ്വകാര്യ ഏജൻസിക്ക് എന്തു വ്യവസ്ഥയ്ക്ക് വിധേയമായാണ് ഭൂമി കൈമാറിയിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) ആർക്കും കൈമാറിയിട്ടില്ല.

(ബി) കരാർ വ്യവസ്ഥകൾ ഒന്നും ഒപ്പിട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly